# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2415 08/07/2015 -ൽ മറുപടിയ്ക്ക്

### പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.എ.പി. അനിൽകുമാർ,<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ | ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ, എം. ഫിൽ, പി.എച്ച്.ഡി. കോഴ്സുകൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ | പട്ടികജാതി വികസന വകുപ്പിൽ നിന്നും 01/12/14 മുതൽ എം.ഫിൽ, പി.എച്ച്.ഡി. ഒന്നാം വർഷം,പി.എച്ച്.ഡി. രണ്ടാം വർഷം വിദ്യാർത്ഥികൾക്ക് 18,750/- രൂപ പ്രതിമാസ ഫെലോഷിപ്പും, 7,500/-രൂപ കണ്ടിജന്റ് ഗ്രാന്റും, 250/- രൂപ എച്ച്.ആർ.എ. യും നൽകി വരുന്നു: പി.എച്ച്.ഡി. മൂന്നാം വർഷം, പി.എച്ച്.ഡി. നാലാം വർഷം,പി.എച്ച്.ഡി. അഞ്ചാം വർഷം വിദ്യാർത്ഥികൾക്ക് 21,000/- രൂപ പ്രതിമാസ ഫെലോഷിപ്പും, 15,375/-രൂപ കണ്ടിജന്റ് ഗ്രാന്റും 250/- രൂപ എച്ച്.ആർ.എ യും നൽകി വരുന്നു. കൂടാതെ പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും നൽകി വരുന്നുണ്ട്.<br>എം.ഫിൽ, പി.എച്ച്.ഡി കോഴ്സുകളിൽ യു.ജി.സി/ഗേറ്റ് പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു.ജി.സി അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും പട്ടികവർഗ്ഗ വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി | പ്രസ്തുത ആനുകൂല്യങ്ങൾ കുറയ്ക്കുവാനോ, പരിമിതപ്പെടുത്തുവാനോ ആലോചിച്ചിട്ടുണ്ടോ; | ബി | ഇല്ല |
| സി | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി | ബാധകമല്ല |
| ഡി | പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകി വരുന്ന ആനുകൂല്യങ്ങൾ അതേപടി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ? | ഡി | യു.ജി.സി. യുടെ മാനദണ്ഡമനുസരിച്ചാണ് ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ.